ബാല്യകാലബന്ധങ്ങൾ ആധുനികമലയാളകവിതയിൽ

മഹാത്മാഗാന്ധിസർവകലാശാലയുടെ
ഭാഷാസാഹിത്യവിഭാഗത്തിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി
സമർപ്പിക്കുന്ന പ്രബന്ധസംഗ്രഹം

ഗവേഷകൻ : ഷാജു വർഗ്ഗീസ്

ഗവേഷണമാർഗ്ഗദർശി : ഡോ. ലിസി ജോസഫ്

മലയാളഗവേഷണവിഭാഗം
നിർമ്മല കോളേജ്, മൂവാറ്റുപുഴ

ജൂൺ 2012

പ്രബന്ധസംഗ്രഹം

ഏത് മനുഷ്യന്റെയും ജീവിതത്തിലെ സുപ്രധാനഘട്ടമാണ് ബാല്യം. ഇത് ഏകദേശം 2 വയസ്സ് മുതൽ 14 വയസ്സ് വരെയാണ്. ഒരു കുട്ടിയുടെ വളർച്ചയിൽ ശൈശവം (infancy) മുതൽ കൗമാരാരംഭം/യൗവ്വനാരംഭം (puberty) വരെയുള്ള ഘട്ടമാണ് ബാല്യകാലം. ഈ ഘട്ടത്തിൽ കുട്ടി സ്വന്തം ജൈവപരിസരത്തുള്ള ചരാചരങ്ങളുമായി സ്ഥാപിച്ചെടുക്കുന്ന ചാർച്ചകൾ തന്നെയാണ് ബാല്യകാലബന്ധങ്ങൾ. മറ്റൊരു രീതി യിൽ പറഞ്ഞാൽ ഒരു കുട്ടി അവന്റെ പരിതോവസ്ഥകളുമായി ഇടപെട്ട് രൂപപ്പെടുത്തുന്ന ധർമ്മപരവും ക്രമബദ്ധവുമായ പാരസ്പര്യങ്ങളാണ് ബാല്യകാലബന്ധങ്ങൾ. മാതാപി താക്കൾ, സഹോദരങ്ങൾ, ബന്ധുജനങ്ങൾ, ഗുരുജനങ്ങൾ, പൊതുജനങ്ങൾ എന്നിവരു മായെല്ലാം സഹവസിക്കുകയും സഹകരിക്കുകയും ചെയ്യുന്നതുവഴി ബാല്യകാലത്ത് കുട്ടിക്ക് സമഗ്രമായ വ്യക്തിത്വവികസനത്തിനുള്ള സാധ്യതകൾ ഉരുത്തിരിയുന്നുണ്ട്. വ്യക്തികളുമായി മാത്രമല്ല, മരങ്ങളും മൃഗങ്ങളും പക്ഷികളും പുഴകളും മലകളും സമു ദ്രങ്ങളും നക്ഷത്രങ്ങളുമായുമെല്ലാം ഈ ഘട്ടത്തിൽ ഏകീഭാവം സൃഷ്ടിച്ചുകൊണ്ടാണ് കുട്ടി വളരുന്നത്. ഇങ്ങനെയുള്ള ബാല്യകാലബന്ധങ്ങളുടെ നിർമ്മിതികളാണ് മനുഷ്യന്റെ ജീവശാസ്ത്രപരവും മനഃശാസ്ത്രപരവുമായ സുസ്ഥിതിക്ക് നിയാമകം. മനുഷ്യന്റെ സാമൂ ഹികവ്യക്തിത്വമെന്ന മേല്പുര പടുത്തുയർത്തിയിരിക്കുന്നത് ബാല്യകാലബന്ധങ്ങളുടെ അടിത്തറയിലാണെന്ന് സാരം. അതിനാൽ ബാല്യകാലബന്ധങ്ങളിലധിഷ്ഠിതമായ വ്യക്തിത്വമാണ് ഒരാളുടെ പില്ക്കാലവ്യക്തിബന്ധങ്ങളിൽ അഗാധമായി ഇടപെടുന്നതെന്ന് നിരീക്ഷിക്കാം.

ബാല്യത്തെക്കുറിച്ചും ബാല്യകാലബന്ധങ്ങളെക്കുറിച്ചും വിശദമായ മനഃശാസ്ത്ര പഠനങ്ങൾ ആരംഭിക്കുന്നത് സിഗ്മണ്ട് ഫ്രോയ്ഡിന്റെ കാലത്താണ്. ബാല്യകാലബന്ധ ങ്ങളുടെ നിർമ്മാണത്തിനു പിന്നിൽ പ്രവർത്തിക്കുന്ന മനസ്സിനെ രോഗങ്ങളുടെ പ്രഭവ

കേന്ദ്രം എന്ന നിലയിലാണ് അദ്ദേഹം പരിഗണിക്കുന്നത്. മനസ്സിൽ രൂപംകൊള്ളുന്ന അപകർഷതാബോധം ബാല്യത്തിന്റെ കൂടപ്പിറപ്പാണെന്നും എല്ലാത്തരം മനോഭാവങ്ങളെയും നിയന്ത്രിക്കുന്നത് പ്രേമവാസനയുടെ ഭാഗമായ കാമേച്ഛയാണെന്നുമുള്ള ഫ്രോയ്ഡിയൻ ആശയങ്ങൾ സാർവ്വത്രികമായ അംഗീകാരം നേടിയിട്ടുണ്ട്. എന്നാൽ ബാല്യകാലത്ത് രൂപമെടുക്കുന്ന ബന്ധങ്ങളുടെ വ്യവസ്ഥാരാഹിത്യമാണ് ചിത്തരോഗങ്ങൾക്ക് കാരണം എന്ന നിരീക്ഷണം അവതരിപ്പിച്ചുകൊണ്ട് രംഗത്തുവന്ന എറിക് ബേൺ (1910–1970) ഈ മണ്ഡലത്തിന് അനിവാര്യമായ ഒരു ദിശാവ്യതിയാനം നല്കി. അദ്ദേഹം മുന്നോട്ടുവച്ച ഒരു മനോവിശകലനപദ്ധതിയാണ് വ്യക്തിബന്ധാപഗ്രഥനം/വിനിമയാപഗ്രഥനം (Transactional Analysis/T.A). വ്യക്തിയുടെ ബാല്യകാലബന്ധങ്ങൾ ഇഴപിരിച്ച് പരിശോധിച്ച് വ്യക്തിത്വത്തെ സൂക്ഷ്മമായി പഠിക്കാൻ ശ്രമിക്കുന്ന വിജ്ഞാനശാഖയാണിത്. ഫ്രോയ്ഡിയൻ പാരമ്പര്യത്തിൽ പരുവപ്പെട്ട ചിന്തകനായിരുന്നുവെങ്കിലും ജനനം മുതൽ ഏഴു വയസ്സുവരെയുള്ള കാലത്ത് ഒരാൾ ഉത്പാദിപ്പിക്കുന്ന ബന്ധങ്ങൾക്ക് നല്കിയ പ്രാധാന്യം ബേണിനെ തീർത്തും വ്യത്യസ്തനായ മനഃശാസ്ത്രജ്ഞനാക്കി മാറ്റി.

എറിക് ബേൺ നടത്തിയ പഠനങ്ങളും എഴുതിയ ലേഖനങ്ങളുമാണ് വിനിമയാപഗ്രഥനത്തിന്റെ അടിസ്ഥാനശിലകൾ. ഒരു വിജ്ഞാനശാഖ എന്ന നിലയിലും പ്രയോഗപദ്ധതി എന്ന നിലയിലും വിനിമയാപഗ്രഥനത്തിന് രണ്ട് സവിശേഷതകളുണ്ട്. ഒന്നാമതായി, അത് ശിശുവികാസത്തെക്കുറിച്ചും വ്യക്തിത്വത്തെക്കുറിച്ചുമുള്ള ഒരു സിദ്ധാന്തമാണ്. ഒരു വ്യക്തിയുടെ വർത്തമാനകാലജീവിതക്രമം ചിട്ടപ്പെടുന്നത് ശൈശവം മുതലാണ്. ശൈശവം മുതൽ കൗമാരാരംഭം വരെയുള്ള മനുഷ്യന്റെ വ്യക്തിത്വവികാസകാലത്ത് ഒരാൾ സ്വയം എഴുതുന്ന ജീവിതതിരക്കഥയുടെ ആവിഷ്കാരമാണ് പിന്നീടുള്ള ജീവിതം. ഈ തിരക്കഥാരചനയിൽ ബാല്യകാലബന്ധങ്ങൾ നിർണ്ണായകമായി ഇടപെടുന്നുണ്ട്. മനുഷ്യനും അവന്റെ ചുറ്റുപാടുകളും തമ്മിലുള്ള വിനിമയങ്ങളിലൂടെ

രൂപപ്പെടുന്നതാണ് ബന്ധങ്ങൾ. അതുകൊണ്ടുതന്നെ ഒരാളുടെ വിനിമയങ്ങളെ വിശകലനം ചെയ്താൽ അയാളുടെ ജീവിതതിരക്കഥയും അതുവഴി വ്യക്തിത്വവും പഠിക്കാൻ കഴിയും. രണ്ടാമതായി, മനോരോഗനിദാനത്തെക്കുറിച്ചുള്ള സിദ്ധാന്തമാണ് വിനിമയാപഗ്രഥനം. വ്യക്തിയെ രോഗനിവാരണാർത്ഥം പൊളിച്ചെടുക്കാനും പുനഃസംവിധാനം ചെയ്യാനും വേണ്ടി ചിട്ടപ്പെടുത്തിയിരിക്കുന്ന ഒരു വിജ്ഞാനശാഖ. ഒരാളുടെ ഇരിപ്പ്, നടപ്പ്, കിടപ്പ്, സംഭാഷണം, പ്രവൃത്തി, തെരഞ്ഞെടുപ്പ്, വ്യവഹാരരീതികൾ എന്നിവയെല്ലാം നിരീക്ഷിച്ച് അയാളുടെ ബാല്യകാലബന്ധങ്ങൾ വ്യവസ്ഥപ്പെടുത്തിയ തിരക്കഥ പുനഃക്രമീകരിച്ച് രോഗശാന്തി നല്കുന്ന ഒരു സമീപനരീതിയാണിത് എന്നർത്ഥം. ചുരുക്കത്തിൽ, മനോവിശ്ലേഷണം (Psycho Analysis) രൂപപ്പെടുത്തിയ നവീനമായ സങ്കേതമെന്ന നിലയിൽ വിനിമയാപഗ്രഥനം മനസ്സിന്റെ തലങ്ങളെ കൃത്യമായും വ്യക്തമായും നിരീക്ഷണത്തിന് വിധേയമാക്കുന്നു.

സിഗ്മണ്ട് ഫ്രോയ്ഡിന്റെ മനഃശാസ്ത്രസിദ്ധാന്തങ്ങൾ സാംസ്കാരിക-സാമൂഹികവിശകലനങ്ങളിൽ സാർവ്വത്രികമായി ഉപയോഗിച്ചുകാണുന്നുണ്ട്. സാഹിത്യം ഒരു വ്യക്തിയുടെ സൃഷ്ടിയെന്നപോലെതന്നെ ഒരു സാംസ്കാരികോത്പന്നം കൂടിയായതിനാൽ അതിനെ അപഗ്രഥിക്കാൻ ഇത് ഏറെ സഹായകമാണ്. എന്നാൽ മനസ്സിനെ സങ്കീർണ്ണമായ രോഗാവസ്ഥകളുടെ കേന്ദ്രമെന്ന നിലയിൽ കാണുന്ന ഫ്രോയ്ഡിയൻ ചിന്തകളെ മാറ്റിവച്ച്, ചെറുപ്പത്തിലേതന്നെ ഒരാൾ രൂപപ്പെടുത്തുന്ന വ്യക്തിബന്ധങ്ങളുടെ പ്രതലത്തിൽ ഊന്നിക്കൊണ്ട് അവയുടെ ശക്തിദൗർബ്ബല്യങ്ങളെ ആധാരമാക്കി മനോവിശകലനം സാദ്ധ്യമാക്കുന്ന എറിക് ബേണിന്റെ രീതി പുതുമയും ലാളിത്യവുമുള്ളതാണ്. മനുഷ്യന്റെ വ്യവഹാരങ്ങളെക്കുറിച്ചുള്ള ഒരു മനോവിജ്ഞാനപദ്ധതി എന്ന നിലയിൽ അവനവന്റെ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാനാണ് വിനിമയാപഗ്രഥനം ഒരു വ്യക്തിയെ ആദ്യം ഒരുക്കുന്നത്. ഒപ്പം മറ്റൊരു വ്യക്തിയോട് ബന്ധം സ്ഥാപിക്കുമ്പോൾ അന്യന്റെ യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുവാനും ഇത് സഹായിക്കും.

എക്കാലത്തും സാമൂഹികവ്യവഹാരങ്ങളുടെ കേന്ദ്രം മനുഷ്യനായിരുന്നു; സംഘബോധമുള്ള മനുഷ്യൻ. പരസ്പരവിനിമയങ്ങളിലൂടെയും ബന്ധനിർമ്മിതികളിലൂടെയും ഈ വ്യാവഹാരികഘടന അവൻ കാത്തുസൂക്ഷിക്കുന്നുണ്ട്. കാലാകാലങ്ങളിൽ ഇതിന് സൂക്ഷ്മമായ പരിണാമങ്ങൾ ഉണ്ടാകാറുണ്ട്. ഈ പരിവർത്തനം തന്നെയാണ് വ്യക്തിതലത്തിൽ രോഗങ്ങൾക്കും സാമൂഹികതലത്തിൽ കലാപങ്ങൾക്കും യുദ്ധങ്ങൾക്കും കാരണമാകുന്നത്. ആധുനികകാലത്ത് ബന്ധങ്ങളിൽ സംഭവിച്ച മാറ്റങ്ങൾ മനുഷ്യനെ ഒറ്റപ്പെട്ടവനും നിരാലംബനുമാക്കിത്തീർത്തു. അതുവഴി സമൂഹം അരാജകത്വത്തിന്റെ ആട്ടക്കളങ്ങളായി മാറി. കൂട്ടായ്മയുടെ ഗ്രാമീണജീവിതവും ബഹളമയമായ നാഗരികജീവിതവും തമ്മിലുള്ള പൊരുത്തക്കേടുകൾ വ്യക്തികളെ നിരാശത ബാധിച്ചവരും നിസ്സഹായരുമാക്കി. തൊഴിൽതേടിയുള്ള നെട്ടോട്ടം, പ്രവാസം, പരമ്പരാഗത തൊഴിൽമേഖലകൾ അന്യമാകുമ്പോൾ ഉണ്ടാകുന്ന അനിശ്ചിതാവസ്ഥ തുടങ്ങിയവയൊക്കെ ഈ പശ്ചാത്തലത്തെ സുദൃഢമാക്കി. ജീവിതത്തിനുമേൽ യാന്ത്രികത ആധിപത്യം നേടിയതോടെ വ്യക്തികൾ യന്ത്രസമാനരായിത്തീരുകയും ജീവിതത്തിന്റെ സ്വാഭാവികമായ ജൈവികത നഷ്ടമായിത്തീരുകയും ചെയ്തു. ആധുനികത (Modernity)യുടെ കാലത്ത് സാമൂഹികചേതനയിൽനിന്ന് മനുഷ്യശ്രദ്ധ വ്യക്തിചേതനയിലേയ്ക്ക് പരിണമിച്ചതോടെ അവന്റെ ആവിഷ്കാരങ്ങൾ ഓരോന്നും സൂക്ഷ്മവും അഗാധവും വ്യക്തികേന്ദ്രിതവുമായി. സാഹിത്യത്തെ അത് ധ്വനിനിർഭരവും ക്രമബദ്ധവും സ്വയംപൂർണ്ണവും രൂപകപ്രധാനവുമായ ഒരു സൗന്ദര്യാത്മകവിതാനത്തിലേയ്ക്ക് പരിവർത്തിപ്പിച്ചു. ഇത്തരമൊരു സാമൂഹികപരിണാമത്തിന്റെ സാഹിതീയപ്രത്യക്ഷങ്ങളെ വിലയിരുത്താൻ എറിക് ബേൺ തയ്യാറാക്കിയ വിനിമയാപഗ്രഥനപദ്ധതി ഫലപ്രദമാണ്. ആധുനികതയുടെ ജ്ഞാനപരിസരത്തിൽതന്നെയാണ് ബേൺ തന്റെ വിനിമയാപഗ്രഥനസാമഗ്രികൾ ക്രമപ്പെടുത്തിയിട്ടുള്ളതെന്ന കാര്യവും ശ്രദ്ധേയമാണ്.

പ്രബന്ധലക്ഷ്യം

ആധുനിക എഴുത്തുകാരുടെ കൃതികളിൽ വ്യക്തി സമൂഹത്തെക്കാൾ പ്രാധാന്യം നേടിയിട്ടുണ്ട്. ദുരന്തബോധം, അയുക്തികത, അസ്തിത്വദർശനം, നിഷേധാത്മകത, കലാപോന്മുഖമായ മനോഭാവം, ദാർശനികത, എല്ലാറ്റിനെയും അന്തർമുഖത്വത്തോടെ നിരീക്ഷിക്കുന്ന പ്രകൃതി എന്നിവയൊക്കെ ആധുനികതയുടെ സവിശേഷതകളാണ്. ഇത്തരം സൗന്ദര്യാംശങ്ങളെ പിന്തുടരുന്ന മലയാളകവികളായ കടമ്മനിട്ട രാമകൃഷ്ണൻ, എ. അയ്യപ്പൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരുടെ തിരഞ്ഞെടുത്ത കവിതകളെ ഈ പ്രബന്ധത്തിൽ വിനിമയാപഗ്രഥനതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്തിരിക്കുന്നു. സമഷ്ടിയുടെയും സമയത്തിന്റെയും സങ്കീർണ്ണമായ വിപര്യയങ്ങളെ ആവിഷ്കരിക്കുമ്പോൾ ആധുനിക ആഖ്യാനങ്ങളിൽ മാരകസൗന്ദര്യമുള്ള ആത്മനിഷ്ഠബിംബങ്ങൾ ആവിഷ്കൃതമാകുന്നത് സ്വാഭാവികമാണ്. ഇങ്ങനെയുള്ള ബിംബങ്ങളുടെ ദുരൂഹതയും ദുർഗ്രഹതയും ഈ വിശകലനത്തിലൂടെ മറ നീക്കപ്പെട്ടിട്ടുണ്ട്.

ആധുനികതയുടെ സവിശേഷതകളായി നിരീക്ഷിക്കപ്പെട്ടിട്ടുള്ള ആശയങ്ങളെല്ലാം തന്നെ സാമൂഹികവിശകലനങ്ങളിലൂടെയോ ഫ്രോയ്ഡിയൻ അപഗ്രഥനങ്ങളിലൂടെയോ ഉരുത്തിരിഞ്ഞവയാണ്. സമൂഹജീവിതത്തിന്റെയും വ്യക്തിജീവിതത്തിന്റെയും നിയാമകശക്തിയായി പ്രവർത്തിക്കുന്ന ബന്ധങ്ങളെ/വിനിമയങ്ങളെ ആസ്പദമാക്കി നിർവ്വഹിച്ചിട്ടുള്ള ഈ പഠനത്തിൽ ആധുനികതയുടെ മനോഭാവങ്ങൾക്ക് പുതിയ ചില വ്യാഖ്യാനങ്ങൾ നല്കാൻ ശ്രമിക്കുന്നുണ്ട്. കവിതാവിശകലനങ്ങളുടെ ഒരു ഉപോത്പന്നമാണവ.

പഠനത്തിന്റെ പ്രസക്തി

എഴുത്തുകാരന്റെ ആഭ്യന്തരജീവിതം പ്രതിഫലിക്കുന്നതാണ് സാഹിത്യപാഠം എന്നതിൽനിന്ന് വിഭിന്നമായി ബാല്യകാലാനുഭവങ്ങളുടെ ഉത്പന്നമാണതെന്ന ചിന്ത വിനിമയാപഗ്രഥനം മുന്നോട്ടുവയ്ക്കുന്നു. അയാളുടെ വ്യക്തിജീവിതത്തിലെ സ്വകാര്യത

കൾക്കും മുൻഗണനകൾക്കും തെരഞ്ഞെടുപ്പുകൾക്കും സാമ്പ്രദായികമനഃശാസ്ത്രസിദ്ധാന്തങ്ങളുടെ സഹായത്തോടെ വിശദീകരണം നല്കുന്നതിനു പകരം ബാല്യകാലബന്ധങ്ങളിൽ അധിഷ്ഠിതമായ വ്യക്തി/കുടുംബ/സംസ്കാരതിരക്കഥകൾക്ക് പരിഗണന നല്കുന്ന വിശകലനപദ്ധതി എന്ന നിലയിൽ ഇതിന് ഏറെ പ്രാധാന്യമുണ്ട്. എഴുത്തുകാരന്റെ ബയോഡാറ്റാ പാഠാപഗ്രഥനത്തിൽനിന്ന് അപ്രത്യക്ഷമാകുന്നുവെന്നത് ഒരു പുതുമയാണ്.

പാഠത്തിൽ (text) കേന്ദ്രീകരിക്കപ്പെടുന്ന ആശയമാണ് പ്രമേയം. ഇത് എഴുത്തുകാരന്റെ ലോകവീക്ഷണങ്ങളെയും സാമൂഹികബന്ധങ്ങളെയും അടിസ്ഥാനമാക്കി രൂപം കൊള്ളുന്നു. ഓരോ പ്രമേയവും ഉപദേശീയതയുടെ രാഷ്ട്രീയമുദ്രകളും അധികാരനിഷ്ഠമായ സമൂഹത്തിന്റെ തീരുമാനങ്ങളും സംസ്കാരപരിണാമത്തിന്റെ സൂചനകളും ഉൾക്കൊള്ളുന്നുണ്ട്. ഇവയെ എഴുത്തുകാരൻ നോക്കിക്കാണുന്നത് അയാളുടെ ബാല്യകാലബന്ധങ്ങളുടെ പശ്ചാത്തലത്തിലായിരിക്കും. കൂട്ടുകുടുംബത്തിലധിഷ്ഠിതമായ സാമൂഹികക്രമത്തിൽനിന്നും അണുകുടുംബത്തിലേയ്ക്കുണ്ടായ മാറ്റം പ്രമേയനിർമ്മിതിയെവരെ സ്വാധീനിച്ചു. നിരാശത, അന്യതാബോധം, അസ്തിത്വചിന്ത, സിനിസിസം, സാഡിസം, മസോക്കിസം എന്നിങ്ങനെയുള്ള മാനസികസങ്കീർണ്ണതകളിലൂടെ സഞ്ചരിച്ച് മൂല്യസംഘർഷത്തിലേയ്ക്ക് എത്തിച്ചേർന്ന വ്യക്തികളെയാണ് ആധുനികതാവാദകവിതകൾ പരിചയപ്പെടുത്തുന്നത്. ജീവിതവുമായുള്ള വൈകാരികമോ ആത്മീയമോ ആയ ബന്ധശൈഥില്യത്തിൽനിന്ന് ഉളവാകുന്ന ശൂന്യതാബോധവും അവിടെ കാണാം. ഇവയെ സൂക്ഷ്മമായി വിശകലനം ചെയ്യാവുന്ന സാമ്പ്രദായികമല്ലാത്ത പദ്ധതി എന്ന നിലയിലാണ് വ്യക്തിബന്ധാപഗ്രഥനം പ്രസക്തമാകുന്നത്.

പറയുന്ന വിഷയത്തിനല്ല ആഖ്യാനത്തിനാണ് ആധുനികാനന്തരകാലത്തു പ്രാധാന്യം. പ്രമേയം എന്തായിരുന്നാലും അതിനെ എങ്ങനെ പരിചരിക്കുന്നുവെന്നതാണ് മുഖ്യവിഷയം. അതായത് പ്രതിപാദനത്തിന് അല്ലെങ്കിൽ പറച്ചിൽരീതിക്കാണ്

പ്രാമാണ്യം. രീതിയിലും രൂപത്തിലും ശൈലിയിലും എന്തൊക്കെ വ്യത്യസ്തതകളാണ് രചനയിലുള്ളതെന്ന അന്വേഷണത്തിൽ വിനിമയാപഗ്രഥനം ഏറെ സഹായം നല്കുന്നുണ്ട്. ചുരുക്കത്തിൽ, ഒരു സാഹിത്യകൃതിയെ അതിന്റെ പ്രമേയ-പ്രതിപാദനതലങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുമ്പോൾ ടി. എ. ശ്രദ്ധേയമായ ഒരു സാദ്ധ്യതയാണ്. സാഹിത്യരചനകളിൽ പ്രത്യക്ഷമായോ പരോക്ഷമായോ കാണുന്ന ബാല്യകാലബന്ധസൂചകങ്ങൾക്ക് ഒരു ധ്വനിപാഠ (subtext) സ്വഭാവവുമുണ്ട്. ദേശീയതയും വംശീയതയും പ്രാദേശികതയുമെല്ലാം സ്വത്വനിർമ്മിതിയുടെ പുതിയ പ്രവണതകളായി പഠനവിധേയമാകുമ്പോൾ, സാഹിത്യപാഠങ്ങളിലെ വ്യക്തിബന്ധവ്യവസ്ഥകൾക്കും അവയുടെ ആവിഷ്കാരവൈവിധ്യങ്ങൾക്കും നിർണ്ണായകമായ പ്രസക്തിയുണ്ട്.

ഓരോ സാഹിത്യസൃഷ്ടിയും വിനിമയങ്ങളിലധിഷ്ഠിതമാണ്. കൃതി വിനിമയം തന്നെയാണെന്ന് പറയാം. എഴുത്തുകാരനും വായനക്കാരനും നിലയുറപ്പിക്കുന്ന മൂന്ന് വിനിമയസ്ഥാനങ്ങളെ - പിതൃഭാവം (Parent Ego State), പക്വഭാവം (Adult Ego State), ശിശുഭാവം (Child Ego State) - ആധാരമാക്കി സാഹിത്യാപഗ്രഥനം നടത്തുന്ന ഈ രീതി മറ്റ് വിശകലനസമ്പ്രദായങ്ങളെക്കാൾ കൂടുതൽ സൂക്ഷ്മതയും വ്യക്തതയും ഉള്ളതാണ്. എഴുത്തുകാരന്റെ മനഃശാസ്ത്രം തന്നെയാണ് അയാളുടെ രചനയുടെ മനഃശാസ്ത്രം എന്നു പറയാനാവില്ല. എഴുത്തുകാരനുതന്നെ ഏകശിലാരൂപമായ ഒരു കർത്തൃത്വമോ അസ്തിത്വമോ ഇല്ലെന്ന് കാണാം. എഴുത്തിൽ, ഉദാഹരണത്തിന് കവിതയിൽ, പ്രത്യക്ഷപ്പെടുന്ന 'ഞാൻ' യഥാർത്ഥത്തിൽ കവിയുടെ ഉള്ളിലെ മാന്ത്രികവും നിഗൂഢവുമായ ഒരു അഹത്തെ പ്രതിനിധീകരിക്കുന്നില്ല. അത് ഒരു വിനിമയോപാധി മാത്രമാണ്. അല്ലെങ്കിൽ ഒരു വ്യാകരണസന്ദർഭം. കവിതയിലെ കർത്തൃത്വസ്ഥാനങ്ങൾ ആ കൃതിയിലെ വിനിമയബന്ധങ്ങൾക്കനുസൃതമായി മാറിക്കൊണ്ടിരിക്കും. എഴുത്തുകാരൻ പറഞ്ഞത് അതേപടി വിനിമയം ചെയ്തുവെന്ന് തോന്നാമെങ്കിലും വായനയിലൂടെ വേറൊരു വിവക്ഷിതമാകാം സഹൃദയൻ ഉണ്ടാക്കിയെടുക്കുന്നത്. ഇവിടെയാണ് വിനിമയാപഗ്രഥന

ത്തിന്റെ പ്രസക്തി. വായനക്കാരന്റെ ബാല്യകാലാനുഭവങ്ങളാൽ നിയന്ത്രിതമാണ് അയാളുടെ പാരായണം. അതുകൊണ്ടുതന്നെ ഓരോ വായനക്കാരനും വ്യത്യസ്തനാവുന്നു; ഓരോ വായനയും സർഗ്ഗാത്മകപുനർനിർമ്മിതികളാവുന്നു. പാശ്ചാത്യവിമർശനസരണിയിലെ അനുവാചകപ്രതികരണസിദ്ധാന്തങ്ങൾ ഇവിടെ ഓർക്കാം. വിനിമയോപാധികളെന്ന നിലയിൽ ഭാഷാർത്ഥങ്ങളുടെ പരിമിതികളും അനിയതത്വങ്ങളും വേർതിരിച്ചെടുക്കാനും ഈ വിശകലനപദ്ധതി സഹായിക്കുന്നു. ആധുനികമലയാളകവികളായ കടമ്മനിട്ട രാമകൃഷ്ണൻ, എ. അയ്യപ്പൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരുടെ രചനകളെ വിനിമയാപഗ്രഥനസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ അപഗ്രഥിക്കുന്ന പഠനങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടില്ല. അതാണ് ഈ അന്വേഷണത്തിന്റെ പ്രസക്തി.

പഠനവ്യാപ്തി

എറിക് ബേൺ നിർദ്ദേശിച്ചിട്ടുള്ള വിനിമയാപഗ്രഥനസിദ്ധാന്തത്തിലെ നാല് സാമഗ്രികളാണ് ഈ പ്രബന്ധത്തിൽ വിശകലനത്തിന് ഉപയോഗിച്ചിട്ടുള്ളത്. അവ വ്യക്തിഭാവങ്ങൾ (Ego States), വിനിമയങ്ങൾ (Transactions), കളികൾ (Games), ശിരോലിഖിതങ്ങൾ (Scripts) എന്നിവയാണ്. കടമ്മനിട്ട രാമകൃഷ്ണന്റെയും എ.അയ്യപ്പന്റേയും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും അഞ്ച് കവിതകൾ വീതം തിരഞ്ഞെടുത്താണ് പഠനവിധേയമാക്കിയിട്ടുള്ളത്. വിശകലനസാമഗ്രികളുടെ ഒരുമിച്ചുള്ള പ്രയോഗവും അവയുടെ പടിപടിയായുള്ള നിർവ്വഹണവും ഇവരുടെ ഒരു കവിതയിൽതന്നെ സാദ്ധ്യമാണ്. എങ്കിലും ദത്തങ്ങളുടെ സാമാന്യവത്കരണത്തിനും വസ്തുതകളുടെ ക്രോഡീകരണത്തിനും അതുവഴിയുള്ള തത്ത്വനിർദ്ധാരണത്തിനും സഹായകമാകും വിധം ഈ പ്രബന്ധത്തിൽ ഇവരുടെ അഞ്ച് കവിതകൾ വീതം പരിഗണിക്കുന്നു. ബാല്യകാലബന്ധങ്ങൾ സൂക്ഷ്മമായി പ്രതിഫലിക്കുന്ന മറ്റ് കവിതകളും ആനുഷംഗികമായി പ്രബന്ധത്തിൽ പരാമർശിക്കുന്നുണ്ട്.

കടമ്മനിട്ട, അയ്യപ്പൻ, ചുള്ളിക്കാട് എന്നിവരുടെ അഞ്ച് കവിതകൾ വീതം സവിശേഷപഠനത്തിന് തെരഞ്ഞെടുത്തത് അവയിലെ കർത്തൃസ്ഥാനത്തിന്റെ ഉത്തമപുരുഷ ഏകവചനപദവി എന്ന മറ്റൊരു മാനദണ്ഡം കൂടി കണക്കിലെടുത്താണ്.

പൂർവ്വപഠനങ്ങൾ

കടമ്മനിട്ടക്കവിതകളെ വംശീയസൗന്ദര്യശാസ്ത്രത്തിന്റെയും നാടോടിവിജ്ഞാനത്തിന്റെയും മനഃശാസ്ത്രത്തിന്റെയും സിദ്ധാന്തങ്ങളെ ആസ്പദമാക്കി വിഭിന്നങ്ങളായ പഠനങ്ങൾ നടന്നിട്ടുണ്ട്. ഡോ. കെ. എസ്. രവികുമാർ സമാഹരിച്ച *കടമ്മനിട്ടക്കവിത,* പാലക്കീഴ് നാരായണൻ സമാഹരിച്ച *കടമ്മനിട്ടയുടെ കാവുകൾ* എന്നീ പുസ്തകങ്ങൾ പൂർവ്വപഠനങ്ങളെന്ന നിലയിൽ ശ്രദ്ധേയങ്ങളാണ്. ബെറ്റിമോൾ മാത്യുവിന്റെ *കടമ്മനിട്ടക്കവിത - സ്ത്രീവാദപരമായ സമീപനം* എന്ന ഗവേഷണപ്രബന്ധവും പ്രധാനപ്പെട്ടതാണ്. അയ്യപ്പൻകവിതകളെ വ്യത്യസ്തകോണുകളിൽ അപഗ്രഥിക്കുന്ന ധാരാളം പഠനങ്ങൾ *മുറിവേറ്റ ശീർഷകങ്ങൾ* എന്ന കവിതാസമാഹാരത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. എ. എസ്. രാജന്റെ *ആധുനികചിത്രകലയുടെ സ്വാധീനം എ. അയ്യപ്പന്റെ കവിതയിൽ* എന്ന ഗവേഷണപ്രബന്ധവും നിർണ്ണായകമാണ്. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളെ വിലയിരുത്തിക്കൊണ്ട് എം. ലീലാവതി, ആർ. നരേന്ദ്രപ്രസാദ്, കെ. സച്ചിദാനന്ദൻ, കെ. പി. അപ്പൻ, എം. ഗംഗാധരൻ, കെ. എസ്. രാധാകൃഷ്ണൻ, വി. ജി. തമ്പി, കെ. വി. തോമസ് തുടങ്ങിയവരുടെ ഒറ്റയൊറ്റ ലേഖനങ്ങളും അവതാരികകളും ഈ പഠനത്തെ സഹായിച്ചിട്ടുണ്ട്. *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിലെ പുതുമകൾ - ഉള്ളടക്കവും പ്രയോഗവും മുൻനിർത്തിയുള്ള വിശകലനം* എന്ന രതി വി.കെ.യുടെ പ്രബന്ധവും ശ്രദ്ധേയമാണ്. ഇവയിലൊന്നും ഈ പ്രബന്ധത്തിന്റെ സമീപനരീതിയല്ല സ്വീകരിച്ചിട്ടുള്ളത്.

പ്രബന്ധഘടന

ഈ പ്രബന്ധം അഞ്ച് അദ്ധ്യായങ്ങളായി സംവിധാനം ചെയ്തിരിക്കുന്നു. 'ബാല്യകാലബന്ധങ്ങൾ', 'ബാല്യകാലബന്ധങ്ങൾ കടമ്മനിട്ട രാമകൃഷ്ണന്റെ കവിതകളിൽ', 'ബാല്യകാലബന്ധങ്ങൾ എ.അയ്യപ്പന്റെ കവിതകളിൽ', 'ബാല്യകാലബന്ധങ്ങൾ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകളിൽ', 'ഉപസംഹാരം' എന്നിങ്ങനെ.

ഒന്നാമത്തെ അദ്ധ്യായത്തിൽ, എറിക് ബേൺ അവതരിപ്പിച്ച വിനിമയാപഗ്രഥന സിദ്ധാന്തത്തിന്റെ വിശദാംശങ്ങളാണ് ചർച്ചചെയ്യുന്നത്. കടമ്മനിട്ട, അയ്യപ്പൻ, ചുള്ളിക്കാട് എന്നിവരുടെ കവിതകളെ വിലയിരുത്തുന്നതിനുള്ള സാമഗ്രികളുടെ നിർണ്ണയനവും സൈദ്ധാന്തികസമീപനങ്ങളുടെ സംസ്ഥാപനവും ഇവിടെ നിർവ്വഹിച്ചിട്ടുണ്ട്.

രണ്ടാമത്തെ അദ്ധ്യായത്തിൽ, കടമ്മനിട്ട രാമകൃഷ്ണന്റെ 'കടിഞ്ഞൂൽപൊട്ടൻ', 'ശാന്ത', 'അവൾ', 'ഒരു പഴയ പ്രേമം പഴയ മട്ടിൽ', 'കിരാതവൃത്തം' എന്നീ അഞ്ച് കവിതകളുടെ വിശകലനമാണുള്ളത്. അമ്മ എന്ന പിതൃഭാവം ശിശുഭാവത്തിൽ ഉണർത്തുന്ന പ്രതികരണങ്ങൾ ഈ കവിതകളിൽ പൊതുവേ വെളിപ്പെടുന്നുണ്ട്. നാട്/ നഗരം, സ്നേഹം/ വെറുപ്പ്, ഭാഷാസഹിതം/ഭാഷാരഹിതം, അവന്ധ്യം/വന്ധ്യം എന്നിങ്ങനെയുള്ള ദ്വന്ദ്വാത്മകസന്ദർഭങ്ങളിലാണ് പിതൃഭാവവും ശിശുഭാവവും തമ്മിലുള്ള വിനിമയങ്ങൾ സംഭവിക്കുന്നതെന്ന് കവിതകളിൽനിന്ന് നിരീക്ഷിക്കാം. മകനെ ഗോത്രത്തിൽനിന്ന് വിച്ഛേദിക്കുന്ന അമ്മയുടെയും അമ്മപ്രതിഷ്ഠയെ ഇളക്കിയുറപ്പിക്കുന്ന മകന്റെയും കളികൾകൊണ്ട് കവിതകൾ നിബിഡമാണ്. വീട്, കാവ്, ദേശം എന്നിവയുടെ പശിമരാശിമണ്ണിൽ വേരോട്ടമുള്ളതിനാൽ അമ്മയുടെ തട്ടകത്തിലേയ്ക്ക് അഥവാ സുരക്ഷിതവലയത്തിലേയ്ക്ക് മടങ്ങിവരാൻ അഭിലഷിക്കുന്ന ശിരോലിഖിതങ്ങളുള്ള ആഖ്യാതാവിനെ കവിതകളിൽ കാണാം. ബാല്യകാല ബന്ധങ്ങളുടെ അടിമണ്ണിൽ നിലകൊള്ളുന്ന പ്രാദേശികസൗന്ദര്യശാസ്ത്രത്തിന്റെയും

നാട്ടറിവ് പാരമ്പര്യത്തിന്റെയും പ്രതിനിധാനങ്ങളാണ് കടമ്മനിട്ടയുടെ കവിതകളെന്ന് അപഗ്രഥനം തെളിയിക്കുന്നുണ്ട്.

എ. അയ്യപ്പന്റെ 'രണം', 'മരക്കുതിര', 'മിത്രഭംഗം', 'ശിരോലിഖിതത്തിന്റെ കാർബൺ പതിപ്പുകൾ', 'തക്ഷശില' എന്നീ അഞ്ച് രചനകളുടെ പരിശോധനയാണ് മൂന്നാമത്തെ അദ്ധ്യായത്തിലുള്ളത്. അച്ഛൻ എന്ന പിതൃഭാവത്തിന്റെ അഭാവവും അമ്മ എന്ന പിതൃഭാവത്തിന്റെ ജീർണ്ണതയും ഈ കവിതകൾ പൊതുവേ പ്രകടിപ്പിക്കുന്നുണ്ട്. അമ്മയെ തീവ്രമായി നിരസിക്കാനും അച്ഛനെ വീണ്ടെടുക്കാനും ഇച്ഛിക്കുന്ന മകന്റെ വിനിമയങ്ങൾകൊണ്ട് കവിതകൾ സമൃദ്ധമാണ്. ജീവിതത്തോടും മരണത്തോടും ഒരേസമയം അനുഭവപ്പെടുന്ന ഭീതിയിൽനിന്ന് രക്ഷപ്പെടാൻവേണ്ടി ആഖ്യാതാവ് നടത്തുന്ന കളികൾ കവിതകളിൽ സൂക്ഷ്മമായി പ്രത്യക്ഷപ്പെടുന്നുണ്ട്. ഭയത്തിന്റെയും സന്ദിഗ്ദ്ധതയുടെയും ഇടമായ വീട് ഉപേക്ഷിക്കാനും നിരന്തരം ഇരയുടെ വേഷം കെട്ടിയാടാനുമുള്ള ആഖ്യാതാവിന്റെ ശിരോലിഖിതങ്ങൾ കവിതകളിൽ തെളിയുന്നത് നിരീക്ഷിക്കാം. കിടപ്പിടത്തിനുള്ളിലെ ബാല്യകാലബന്ധശൈഥില്യമാണ് അയ്യപ്പന്റെ കവിതകളിൽ ആവർത്തിക്കുന്ന അനാഥത്വത്തിന്റെയും പരിത്യക്തതയുടെയും പിന്നിലുള്ള ഊർജ്ജമെന്ന് അവലോകനം വെളിപ്പെടുത്തുന്നുണ്ട്.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'അമാവാസി', 'ഓർമ്മകളുടെ ഓണം', 'മാപ്പുസാക്ഷി', 'യാത്രാമൊഴി', 'താതവാക്യം' എന്നീ കവിതകളുടെ അപഗ്രഥനമാണ് നാലാമത്തെ അദ്ധ്യായത്തിലുള്ളത്. പിതൃഭാവത്തിന്റെ അധൃഷ്യതയും ശിശുഭാവത്തിന്റെ വിധേയത്വവും ഈ കവിതകളിൽ പൊതുവേ പ്രകടമാകുന്നുണ്ട്. വ്യക്തികൾ തമ്മിലുള്ള സമ്പർക്കങ്ങളെ ഉത്തേജിപ്പിക്കുന്ന വിനിമയങ്ങൾ, കഥാപാത്രങ്ങളുടെ സന്ദേഹങ്ങളും സംഘർഷങ്ങളും വെളിപ്പെടുത്തി കവിതകൾക്ക് നാടകീയത പകരുന്നത് നിരീക്ഷിക്കാം. ശിക്ഷകന്റെ വേഷം കെട്ടിയ അച്ഛന് കീഴ്പ്പെട്ട് ഇരയുടെ വേഷം ആടുന്ന മകൻ നിഗൂഢമായ അർത്ഥങ്ങൾ അടങ്ങിയ വിനിമയങ്ങൾ ഉപയോഗിച്ച് ദുഃഖപര്യവസായിയായ

കളികൾ വഴക്കത്തോടെ കളിക്കുന്നുണ്ട്. അച്ഛനും അമ്മയും ആസൂത്രണം ചെയ്ത ആഖ്യാതാവിന്റെ ശിരോലിഖിതങ്ങളിൽ എമ്പാടും അദമ്യമായ ജീവിതരതി, നിഷ്ഠുരമായ മരണഭീതി, പാരമ്പര്യത്തോടുള്ള പ്രതിഷേധം, വീടുപേക്ഷിച്ച് പുറപ്പെട്ടുപോകാനുള്ള പ്രയാണകത്വര തുടങ്ങിയവ രൂഢമായി പതിഞ്ഞുകിടക്കുന്നത് കാണാം. കുടുംബത്തിനകത്തും പുറത്തുമുള്ള അധികാരശ്രേണികളോട് കലഹിക്കുന്നത്, ബാല്യകാലബന്ധങ്ങൾ കരുപിടിപ്പിച്ച ജീവിതതിരക്കഥയുടെ പിൻബലത്തിലാണെന്ന് ചുള്ളിക്കാടിന്റെ കവിതകളിൽ നടത്തിയ അന്വേഷണം വ്യക്തമാക്കുന്നുണ്ട്.

ഈ പഠനത്തിൽനിന്നും ഉരുത്തിരിഞ്ഞ നിഗമനങ്ങളും കണ്ടെത്തലുകളും അഞ്ചാം അദ്ധ്യായത്തിൽ ക്രോഡീകരിച്ചിരിക്കുന്നു. കടമ്മനിട്ട രാമകൃഷ്ണന്റെയും എ. അയ്യപ്പന്റെയും ബാലചന്ദ്രൻ ചുള്ളിക്കാടിന്റെയും കവിതകൾ ഉള്ളടക്കം, ഉള്ളടുക്ക് എന്നിവയിൽ ബാഹ്യമായ വ്യതിരിക്തത പുലർത്തുന്നവയാണ്. എന്നാൽ അഭയകേന്ദ്രങ്ങളിൽനിന്ന് തിരസ്കരിക്കപ്പെടുന്ന ഇരയുടെ വേഷത്തെയാണ് പ്രകൃതകവികളുടെ കവിതകൾ ആന്തരികമായി ഐകകണ്ഠ്യേന പ്രത്യക്ഷീകരിക്കുന്നത്.

പഠനരീതി

അവലോകനം, താരതമ്യം എന്നീ രണ്ടുതലങ്ങളിലൂടെയാണ് ഈ പഠനം നടത്തിയിട്ടുള്ളത്. കടമ്മനിട്ടയുടെയും അയ്യപ്പന്റെയും ചുള്ളിക്കാടിന്റെയും കവിതകളിലെ സൗന്ദര്യാംശങ്ങളുടെയോ രാഷ്ട്രീയതലങ്ങളുടെയോ സൂക്ഷ്മമായ അവലോകനം ഇവിടെ ഉദ്ദേശിച്ചിട്ടില്ല. മറിച്ച് കൃതിയിലെ കർത്തൃത്വങ്ങളുടെ വ്യക്തിഭാവങ്ങളും വിനിമയങ്ങളും പാഠത്തിന്റെ പാരായണത്തെ പരിഷ്കരിക്കുന്നതിനുള്ള ഉപാധികളായി മാറുന്നതെങ്ങനെയെന്നാണ് അന്വേഷിച്ചിരിക്കുന്നത്. പൊതുവേ ആധുനികകവികളാണെങ്കിലും ഭാവുകത്വപരമായി അവർക്കുള്ള വ്യതിരിക്തതകളെ താരതമ്യം ചെയ്യാനും പ്രബന്ധത്തിൽ ശ്രമിച്ചിട്ടുണ്ട്.

ഓരോ പാഠത്തിനും വ്യക്തിഭാവങ്ങളുടേതായ ഘടനയുണ്ട്. പലപ്പോഴും ഈ ഭാവങ്ങളിൽ ഒന്ന് കൃതിയിൽ പ്രബലമായിത്തീരും. ഇതേമാതിരി അനുവാചകനിലും വ്യക്തിഭാവങ്ങളുടെ ഒരു വ്യവസ്ഥയും അവയിൽ ഏതെങ്കിലുമൊന്നിന്റെ പ്രാബല്യവുമുണ്ടാവും. കൃതിയുടെയും അനുവാചകന്റെയും ഒരേ വ്യക്തിഭാവങ്ങൾ തമ്മിൽ ഇടപെടുമ്പോൾ മാത്രമേ ആസ്വാദനം സംഭവിക്കൂ. കൃതിയിലെ ശിശുഭാവത്തോട് താദാത്മ്യപ്പെടുന്നവിധം പ്രബലമായ ശിശുഭാവമുള്ള അനുവാചകനാണ് പ്രസ്തുതകവികളുടെ രചനകളെ നെഞ്ചേറ്റി ജനപ്രിയമാക്കിയത്.

ഉപദർശനം

എറിക് ബേൺ ആവിഷ്കരിച്ച വിനിമയാപഗ്രഥനം എന്ന മനോവിശകലന പദ്ധതിയുടെ സാഹിത്യപഠനത്തിലുള്ള പ്രയോഗസാദ്ധ്യതയാണ് ഈ പ്രബന്ധംകൊണ്ട് പ്രാഥമികമായി വെളിപ്പെടുന്നത്. കടമ്മനിട്ട രാമകൃഷ്ണൻ, എ. അയ്യപ്പൻ, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരുടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്ന തികച്ചും വൈയക്തികമായ ബിംബങ്ങളുടെയും ചിഹ്നങ്ങളുടെയും ദുരൂഹത മുഴുവനും മറനീക്കി വ്യാഖ്യാനിക്കുവാൻ വിനിമയാപഗ്രഥനത്തിന്റെ ഉപകരണങ്ങൾകൊണ്ട് ഫലപ്രദമായി സാധിച്ചു. സ്വാഭാവികമായും, ബാല്യകാലബന്ധങ്ങളിൽനിന്ന് തന്നെയാണ് സ്വകാര്യമായ രൂപകങ്ങളും സൂചകങ്ങളും ഉറവെടുക്കുന്നതെന്ന പരികല്പനയുടെ സംസ്ഥാപനത്തിന് ഈ പ്രബന്ധത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. മറ്റ് ആധുനികകവികളുടെ രചനകളെയും സങ്കീർണ്ണതയുടെ കെട്ടഴിച്ച് പഠിക്കാൻ ഇതേ ഉപകരണങ്ങൾ പര്യാപ്തമാകുമെന്ന് വിചാരിക്കുന്നു.

ആസ്വാദനം, അപഗ്രഥനം, വിമർശനം എന്നീ പ്രക്രിയകളെ വിനിമയാപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ അവ യഥാക്രമം ശിശുഭാവം, പക്വഭാവം, പിതൃഭാവം എന്നിവയിലൂടെ സംഭവിക്കുന്നതാണെന്ന് കാണാം.

അതുകൊണ്ടുതന്നെ വായനയുടെ രീതിശാസ്ത്രങ്ങളെ പുതുക്കിയെഴുതാൻ ഈ സമീപനം സഹായിക്കും. അത്തരം പരിശ്രമങ്ങൾക്ക് ഈ പ്രബന്ധം വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഷാജു വർഗ്ഗീസ്

ഡോ. ലിസി ജോസഫ്
അസോസിയേറ്റ് പ്രൊഫസർ & റിസർച്ച് ഗൈഡ്
മലയാളം വിഭാഗം
നിർമ്മല കോളേജ്, മൂവാറ്റുപുഴ